# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2372 — 12.06.2018-ൽ മറുപടിയ്ക്ക്

**എഴുത്ത് ലോട്ടറി ഇടപാട്**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ഭാഗ്യക്കുറി ഏജൻസികൾ എഴുത്ത് ലോട്ടറി ഇടപാട് നടത്തിവരുന്ന വിവരം ലോട്ടറി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം നടപടികൾ കർശനമായി തടയാൻ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന അംഗീകൃത ലോട്ടറി ഏജന്റമാർ എഴുത്ത് ലോട്ടറി നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെടുമ്പോൾ വകുപ്പ് തലത്തിൽ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. എഴുത്ത് ലോട്ടറി നടത്തിപ്പ് ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന/ ജില്ലാ തല മോണിറ്ററിംഗ് സെല്ലുകൾ സോണൽ തലത്തിൽ പുനസംഘടിപ്പിക്കുകയും എഴുത്ത് ലോട്ടറി നടത്തിപ്പുക്കാർക്കെതിരെ റൂളിലേയും, ആക്ടിലേയും വ്യവസ്ഥകൾ ചുമത്തി കേസെടുക്കുവാൻ പോലീസിനു നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതു കൂടാതെ അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വാർത്തകളും പരാതികളും ക്രോഡീകരിച്ച് IGP(Crimes) യ്ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 29.01.2018-ൽ സംസ്ഥാന വ്യാപകമായി എഴുത്തു ലോട്ടറിക്കെതിരെ നടന്ന റെയിഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കേസിൽ ഉൾപ്പെട്ട വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റമാരോട് വിശദീകരണം ആവശ്യപ്പെടുക, ഏജൻസി സസ്പെൻഡ് ചെയ്യുക, റദ്ദ് ചെയ്യുക എന്നീ നടപടികൾ വകുപ്പ് തലത്തിൽ കൃത്യമായി സ്വീകരിക്കുന്നുണ്ട്. ഏജന്റമാരല്ലാത്ത വിൽപ്പനക്കാർ ഇത്തരം കേസുകളിൽ ഉൾപ്പെടുന്ന പക്ഷം ടി വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജന്റമാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. സർവ്വോപരി എഴുത്ത് ലോട്ടറി ഉൾപ്പെടെയുള്ള അനധികൃത ലോട്ടറി നടത്തിപ്പിനെതിരെ കാലാകാലങ്ങളിൽ പത്ര മാധ്യമങ്ങളിലൂടെ ജാഗ്രതാനിർദ്ദേശം അടങ്ങിയ പരസ്യങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ